# കണ്ണപുരം ഗ്രാമപഞ്ചായത്ത്

## ബഡ്ജറ്റ് 2024-25



പ്രിയമുള്ളവരെ,

കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ 2024-25 സാമ്പത്തിക വർഷത്തേക്കുള്ള ഭരണ സമിതിയുടെ നാലാമത്തെ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്.

2020 ഡിസംബർ മാസം സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന ഭരണ സമിതി കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിലും പ്രഖ്യാപിച്ച പ്രവർത്തനങ്ങൾ കുറേ അധികം പൂർത്തിയാക്കുവാൻ കഴിഞ്ഞതിന്റെയും മറ്റുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നതിന്റെയും ചാരിതാർഥ്യമുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരമാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 175ാം വകുപ്പ് പ്രകാരം തയ്യാറാക്കുന്ന വാർഷിക വികസന പദ്ധതിയും ബജറ്റിന്റെ ഭാഗമായിരിക്കണം എന്നതിനാൽ അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ട നിർദ്ദേശങ്ങളും മറ്റ് വിധത്തിൽ സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളും പരിഗണിച്ച് കൊണ്ടാണ് ഞാൻ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്.

ഏതൊരു സ്ഥാപനത്തിന്റെയും സാമ്പത്തിക മാനേജ്മെന്റിന് ആവശ്യമായൊരു ഘടകമാണ് ബജറ്റ്. പഞ്ചായത്തിന്റെ വരുമാനത്തിന്റെയും ചെലവുകളുടെയും വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് ബഡ്ജറ്റ് തയ്യാറാക്കിയത്.

## വരുമാനം

ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവ് ദൈനം ദിനം വർദ്ധിക്കുകയും എന്നാൽ റവന്യൂ വരവ് അതിനനുസരിച്ച് വർദ്ധിക്കാത്ത സാഹചര്യം ആണ് നിലവിലുള്ളത്. മാത്രമല്ല ലഭ്യമായിക്കൊണ്ടിരിക്കുന്ന തനത് വരുമാനം പോലും ഇല്ലാതാവുന്ന അവസ്ഥയുണ്ട്. അതുകൊണ്ട് തന്നെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. നിലവിലുള്ള വസ്തു നികുതി വർഷങ്ങൾക്ക് മുമ്പ് നിശ്ചയിച്ചതാണ്. ഒറ്റ നിലയിൽ നിർമ്മിച്ച പല വീടുകളും ഇന്ന് രണ്ടു നില വീടുകളായോ കൂടുതൽ സൗകര്യങ്ങളോടെ വിപുലപ്പെടുത്തിയതോ ആയി മാറിയിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ഗ്രാമപഞ്ചായത്ത് ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. അതിനായി ജി.ഐ.എസ് മാപ്പിംഗ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ ആസ്തി വിവരങ്ങളും സുസ്ഥിര വികസന പദ്ധതിക്കാവശ്യമായ ജി.ഐ.എസ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് ബജറ്റിൽ 500000/- രൂപ വകയിരുത്തിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 2011 ലെ വസ്തു നികുതി സംബന്ധിച്ച പഞ്ചായത്ത് രാജ് ചട്ടം അനുസരിച്ച് ഗ്രാമപഞ്ചായത്ത് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വസ്തു നികുതി അവസാനമായി പുതുക്കി നിശ്ചയിച്ചത് 2013 ൽ ആണ്. സംസ്ഥാനം അഭിമുഖീകരിച്ച പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയ കാരണങ്ങളാൽ യഥാക്രമം പുതുക്കി നിശ്ചയിക്കാൻ നടന്നിരുന്നില്ല. തദ്ദേശ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളോടൊപ്പം സംസ്ഥാന സർക്കാർ ഏൽപ്പിക്കുന്ന മറ്റ് ചുമതലകളും ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ടി വരുന്നുണ്ട്. പ്രസ്തുത ചുമതലകൾ കാര്യമായി നിർവ്വഹിക്കുന്നതിന് തനത് വരുമാനത്തിൽ കാലാനുസൃത വർദ്ധനവ് അനിവാര്യമാണ്.

ഉൽപാദന - സേവന - പശ്ചാത്തല മേഖലകളിൽ വൈവിദ്ധ്യങ്ങളായ പദ്ധതികൾക്കുള്ള വകയിരുത്തലുകൾ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 3049000/- രൂപയാണ് ഉൽപാദന മേഖലയിൽ ഇത്തവണ വകയിരുത്തിയത്. നെല്ല് തെങ്ങ്, ഉഴുന്ന്, പയർ എന്നിവയുടെ ഉൽപാദന വർദ്ധനവിന് ആവശ്യമായ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പച്ചക്കറി കൃഷി സമൃദ്ധമാക്കുന്നതിന് അടുക്കളത്തോട്ടം പച്ചക്കറി തൈ വിതരണം വനിത ഗ്രൂപ്പ് പച്ചക്കറി കൃഷി എന്നീ പദ്ധതികളും തുകകൾ വകയിരുത്തിയിട്ടുണ്ട്. പാൽ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് ക്ഷീര മേഖലയിലെ പദ്ധതികൾക്ക് 900000/- രൂപ വകയിരുത്തിയിട്ടുണ്ട്. അംഗൻവാടികളും ശിശു മന്ദിരങ്ങളും ശിശു സൗഹൃദമാക്കുന്നതിനും പൊതു ഇടങ്ങൾ ഭിന്ന ശേഷി, വയോജന സൗഹൃദമാക്കുന്നതിനും പശ്ചാത്തല മേഖലയിൽ തുക വകയിരുത്തിയിട്ടുണ്ട്. ഭിന്നശേഷി വയോജന ക്ഷേമത്തിനുതകുന്ന പദ്ധതികൾക്ക് ബജറ്റ് പ്രത്യേക പരിഗണനയാണ് നൽകിയിരിക്കുന്നത്. പഞ്ചായത്തിലെ അതിദരിദ്രരെ അടിയന്തിര പരിചരണ പദ്ധതിക്കായി ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ശുചിത്വ മേഖലയിൽ വൈവിദ്ധ്യമായ പദ്ധതികൾ മുൻ വർഷങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതാണ്. സമ്പൂർണ്ണ ശുചിത്വ പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് ഗ്രാമപഞ്ചായത്ത് അടുക്കുകയാണ്. പൊതു ഇടങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി പൊതു ഇടങ്ങളിൽ ക്യാമറ സ്ഥാപിക്കാനും

മുന്നറിയിപ്പ് ബോർഡ് സ്ഥാപിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ചെറുകുന്ന് തറ മുതൽ കണ്ണപുരം റെയിൽവേ സ്റ്റേഷൻ വരെ ആദ്യ ഘട്ടമെന്ന നിലയിൽ പാതയോര സൗന്ദര്യ വൽക്കരണത്തിന് ബജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടുണ്ട്.

ഭവന മേഖലയിൽ 20905000/- രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നെറ്റ് സീറോ കാർബൺ പദ്ധതി ഗ്രാമപഞ്ചായത്തിന്റെ അഭിമാന പദ്ധതിയായി മാറാൻ പോവുകയാണ്. തുടർന്നുള്ള പ്രവർത്തനങ്ങൾക്കും ബഡ്ജറ്റിന് തുക വകയിരുത്തിയിട്ടുണ്ട്.

കുടിവെള്ള പ്രശ്നം പൂർണ്ണമായും പരിഹരിക്കപ്പെട്ട പഞ്ചായത്താണ് നമ്മുടേത്. കഴിഞ്ഞ 25 വർഷക്കാലത്തെ ജനകീയാസൂത്രണ പദ്ധതികളുടെയും സർക്കാറിന്റെ എല്ലാവർക്കും കുടിവെള്ളം എന്ന നയത്തിന്റെ ഭാഗമായും ജലജീവൻ മിഷൻ മുഖേനയുമാണ് ഈ നേട്ടം നമുക്ക് കൈവരിക്കാൻ സാധിച്ചത്. എങ്കിലും നമ്മുടെ കിണറുകളിലെ കുടിവെള്ളത്തിന്റെ ഗുണമേന്മ വർദ്ധിക്കേണ്ടതുണ്ട്. കിണർ റീച്ചാർജ്ജിംഗ് ഒരു പരിഹാരമാണ്. തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി ഈ പ്രവർത്തനം നടത്താൻ സാധിക്കുമെങ്കിലും വേണ്ടത്ര ഗുണഭോക്താക്കളെ ലഭിക്കുന്നില്ല. അതുപോലെ ദ്രവ മാലിന്യ സംസ്കരണ സംവിധാനം മുഴുവൻ വീടുകളിലും എന്നതും ഗ്രാമപഞ്ചായത്തിന്റെ ലക്ഷ്യങ്ങളാണ്. കുടിവെള്ളം ശുചിത്വ മേഖലയ്ക്ക് വേണ്ടി ഈ വർഷം 3268200/- രൂപ വകയിരുത്തിയിട്ടുണ്ട്.

കണ്ണപുരം ഗ്രാമപഞ്ചായത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ് കണ്ണപുരത്ത് ഒരു ആർട്ട് ഗ്യാലറി എന്നത്. പഞ്ചായത്തിനു കീഴിലുള്ള ചെറുകുന്ന് സൗത്ത് എൽ.പി സ്ക്കൂളിന് ആർട്ട് ഗ്യാലറിക്കായി അടിസ്ഥാന സൗകര്യ വികസനത്തിന് 400000/- രൂപ വകയിരുത്തിയിട്ടുണ്ട്. മേൽത്തട്ട് സഹായത്തോട് കൂടി ഈ ഒരു സ്വപ്നം സാക്ഷാൽക്കരിക്കുക എന്നത് ഈ വർഷം ലക്ഷ്യമിടുന്നു.

ആധുനിക കാലഘട്ടത്തിൽ ഗതാഗത സൗകര്യം ഓരോ നാടിന്റെയും സമഗ്ര വികസനത്തിന് അനിവാര്യ ഘടകമാണ്. അതുകൊണ്ട് തന്നെ പരിമിതമായ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് മുൻഗണന നിശ്ചയിച്ചുകൊണ്ടാണ് പശ്ചാത്തല മേഖലയ്ക്ക് ഫണ്ട് വിനിയോഗം നടത്തുന്നത്. അതുപോലെ തന്നെ മഴക്കാലമായാൽ വെള്ളക്കെട്ട് ചില വാർഡുകളിൽ വലിയ വിഷയമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സമഗ്രമായ ഒരു ഡ്രൈനേജ് സിസ്റ്റം നടപ്പിലാക്കുന്നതിനും ആദ്യ ഘട്ടം എന്ന നിലയിൽ 6 ഓളം ഡ്രൈനേജ് നിർമ്മാണത്തിന് വകയിരുത്തിയിട്ടുണ്ട്.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസവും ആരോഗ്യ പരിചരണത്തിനും ഗ്രാമപഞ്ചായത്ത് ഏറെ പ്രാധാന്യമാണ് നൽകുന്നത്. അതുകൊണ്ട് തന്നെ ബഡ്സ് സ്ക്കൂൾ പ്രവർത്തനത്തിന് 1757320/- രൂപ വകയിരുത്തിയിട്ടുണ്ട്. വയോജന ക്ഷേമം എന്നത് അലങ്കാരമായി പറഞ്ഞു പോകേണ്ട ഒരു വിഷയമല്ല. അതുകൊണ്ട് തന്നെ ഗൗരവമായ ഇടപെടൽ അത്യാവശ്യമാണെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ 655500/- രൂപ ബജറ്റിൽ വകയിരുത്തുന്നു.

വനിത ക്ഷേമം ലക്ഷമാക്കിക്കൊണ്ട് വനിതകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാനും നേതൃശേഷി വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾക്ക് ബജറ്റിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. സ്ത്രീ പദവി പഠനത്തിന്റെ ഭാഗമായി സർവ്വെ പ്രവർത്തനം ജില്ലയിൽ തന്നെ ആദ്യം

പൂർത്തിയാക്കിയ പഞ്ചായത്ത് കണ്ണപുരം ഗ്രാമപഞ്ചായത്താണ്. സ്ത്രീകൾക്ക് കരാട്ടെ, യോഗ പരിശീലനം, മെൻസ്ട്രുവൽ കപ്പ് വിതരണം സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ധനസഹായം എന്നിവയെല്ലാം ഈ വർഷത്തെയും ലക്ഷ്യങ്ങളാണ്. വനിതകളുടെയും കുട്ടികളുടെയും വികസനത്തിനായി 1340500/- രൂപ വകയിരുത്തുന്നു.

ആരോഗ്യ മേഖലയിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണ നൽകികൊണ്ടാണ് ഈ വർഷം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് അതോടൊപ്പം ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവും പ്രധാന ലക്ഷ്യങ്ങളാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കും അഭിമാന പദ്ധതിയായ സമ്പൂർണ്ണ ക്യാൻസർ വിമുക്ത ഗ്രാമ പദ്ധതികൾക്കും ഊന്നൽ നൽകികൊണ്ട് മുന്നോട്ട് പോകുകയാണ്. ആരോഗ്യ മേഖലയിൽ 4876445/- രൂപ വകയിരുത്തിയിട്ടുണ്ട്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ഉള്ള പഞ്ചായത്ത് എന്ന നിലയിൽ ഓഫീസിൽ എത്തുന്നവർക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് കരുതുകയാണ് ഒപ്പം പഞ്ചായത്ത് ഓഫീസിന്റെ സ്ഥല പരിമിതി വലിയ വിഷയമായി മാറിയതിനാൽ പുതിയ കെട്ടിടത്തിനും ആവശ്യമായ സ്ഥലമെടുപ്പിന്റെ പ്രവർത്തനങ്ങളും കൂടി നടന്നു വരുന്നു.

പൊതുവിൽ ലഭ്യമാകുന്ന വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ക്ഷേമത്തിനും ഉതകുന്ന വികസനോന്മുഖ കാഴ്ചപ്പാടോടു കൂടിയാണ് ഈ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രമിച്ചിട്ടുള്ളത്. 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് നിങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുകയാണ്.

പ്രിയപ്പെട്ടവരെ, സംസ്ഥാന സർക്കാർ മുന്നോട്ട് വെച്ച മേഖലകളിലെല്ലാം നമ്മുടെ പരിമിതികളിൽ നിന്നുകൊണ്ട് ശ്രദ്ധയൂന്നാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. കേന്ദ്ര സംസ്ഥാന ഫണ്ടുകൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഫണ്ടുകളും ഉൾക്കൊണ്ടുള്ള എല്ലാ ഫണ്ടുകളും പ്രതീക്ഷിച്ചുകൊണ്ടാണ് ഈ ബഡ്ജറ്റ് ഇവിടെ തയ്യാറാക്കിയത്.

ബഡ്ജറ്റ് എന്നത് വെറും വരവ് ചെലവുകളുടെയും സംഖ്യകളുടെയും യാന്ത്രികമായ പ്രയോഗം എന്നതിനപ്പുറം ഗ്രാമപഞ്ചായത്തിന്റെ വരും വർഷ പ്രവർത്തനങ്ങളുടെ പ്രതീക്ഷിത രേഖയാണെന്ന ബോദ്ധ്യമാണ് നമുക്കുള്ളത്.

പരിമിതമായ വിഭവങ്ങളും വിപുലമായ ആവശ്യകതയുമാണ് നമുക്ക് മുന്നിലുള്ളത്. അതുകൊണ്ട് തന്നെ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസന കാഴ്ചപ്പാടും ലക്ഷ്യവും വ്യക്തമാക്കുന്നതിനും സാക്ഷാൽക്കരിക്കുന്നതിനും വേണ്ടി 2024-25 സാമ്പത്തിക വർഷത്തിലെ ഈ ബജറ്റ് നിങ്ങൾക്ക് മുമ്പിൽ സമർപ്പിക്കുന്നു. ഒപ്പം സഹകരിച്ച എല്ലാവരോടും ഹൃദ്യമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ട് നിർത്തുന്നു. നന്ദി

എം. ഗണേശൻ

ഒപ്പ്
വൈസ് പ്രസിഡണ്ട്